ഭാഗവതം – പ്രഥമസ്കന്ധം 7

ഭാഗവതം

പ്രഥമസ്കന്ധം –7

താളിളക്കം

2020

പേര്: **ഭാഗവതം – പ്രഥമസ്കന്ധം –7**

ഭാഷ മലയാളം

പ്രസാധകർ: **താളിളക്കം**

ഡിസംബർ 2020

Layout Design: പ്രവീൺ വർമ്മ

Copyleft:

ലാടെക്കിൽ നിർമ്മിച്ചതാണിത്.
ഓൺലൈൻ വായനയ്ക്ക് വേണ്ടി.
ഉബണ്ടു ഓപ്പറേറ്റിങ് സിസ്റ്റത്തിലൂടെ.
കടപ്പാട് : വിക്കിപ്പീഡിയ.

ശ്രീമഹാഭാഗവതം – പ്രഥമസ്കന്ധം –7

പരീക്ഷിത്തിനുണ്ടായ ബ്രാഹ്മണശാപം

ഇങ്ങനെ കേട്ടനേരം ശൗനകൻ സൂതൻ തന്നോ-
ടെങ്ങനെ ശുകൻ നൃപാചാര്യനായ് ചമഞ്ഞതും
മന്നവനതിജ്ഞാനമങ്ങുപദേശിച്ചതും
അന്യൂനഭക്ത്യാ ഭഗവൽക്കഥകേൾപ്പിച്ചതും
സന്ദേഹമൊഴിച്ചുചൊൽകെന്നതുകേട്ടനേരം
വന്ദിച്ചു ശുനകജനോടു സൂതനും ചൊന്നാൻ:-
മന്നവനഭിമന്യുനന്ദനൻ രാജ്യം പാലി-
ച്ചുന്നതഭക്ത്യാരാജധർമ്മേണവാഴും കാലം
ചെന്നിതുവയസ്സറുപത്താറുസംവത്സരം
അന്നൊരുദിനംനായാട്ടിനുപോയ്‌വനം പുക്കാൻ.
മദ്ധ്യാഹ്നാതപമേറ്റുനായാടി ശ്രമിക്കുമ്പോൾ
എത്രയും വരണ്ടൊരുജിഹ്വയോടവനീശൻ
സൽക്കാരപൂർവം നമുക്കൊരുപോൽ കുറഞ്ഞൊരു
പുഷ്കരം തരുവതെന്നന്വേഷിച്ചീടുംനേരം
കണ്ടിതങ്ങടുത്തൊരു താപസാശ്രമം തത്ര
കുണ്ഠിതയൊഴിഞ്ഞതിലുണ്ടൊരു തപോധനൻ
യോഗാഭ്യാസവും ചെയ്തുവാഴുന്നു താനേതന്നെ,
വേഗമോടവനുന്നിൽചെന്നു ചോദിച്ചാൻ നൃപൻ:-
“ആരുള്ളതിവിടെയിങ്ങാരിതൊന്നിരിക്കുന്ന-
താരാനും കുറഞ്ഞൊരു വാരി നൽകുവാനുണ്ടോ?”
കേവലം നരവരനീവണ്ണം ചോദിച്ചതു
താപസൻ സമാധിയിലുറപ്പിച്ചിരിക്കയാൽ
കേട്ടതില്ലെന്നു തന്നെധിക്കരിക്കയാലത്രേ
കൂട്ടാക്കായ്‌വതിന്നെന്നതോർത്തുടന്നോക്കുന്നേരം
മുമ്പിലങ്ങവിടെക്കാണാകിയ മൃതസർപ്പം
വില്ലുകൊണ്ടെടുത്തുടൻ ചുമലിലിട്ടീടിനാൻ.
താപസനതുംചുമന്നിരിക്കുന്നേരം പശ്ചാ-
ത്താപമാനസനായ ഭൂപതി മന്ദം നന്ദം
സേനയാസാകം നിജ രാജധാനിക്കുനട-
ന്നാനതുകണ്ടാൻ കൃശനെന്നമാമുനിസുതൻ
ലോകേശാജ്ഞയാ നാകം മേവിനശമീകജ-

നാകിയസഖിയോടു ചൊല്ലിനാൻ പരിഹാസാൽ.
താതവൃത്താന്തംകേട്ടു ശൃംഗിയും കോപാദ്വിഷ്ണ-
രാതനെശ്ശപിച്ചുനിന്നീടിനാൻ മടിയാതെ:-
“സാധുപാലനത്തിനു മുന്നമേവിധിച്ചോരു
മേദിനീപതികുലജാതനാം നൃപാധമൻ
ബോധമെന്നിയേ മമ താതനോടിച്ചെയ്തപ-
രാധകാരണെമിന്നേഴാം നാളഹീന്ദ്രനാം-
തക്ഷകൻ കടിച്ചുടനെത്തുക മരണമെ”-
ന്നക്ഷണം ശപിച്ചു ചെന്നച്ഛനെ വണങ്ങുവാൻ
കഴുത്തിൽ കിടക്കും ‘കാകോദരകുണപംചെ-
റ്റഴുക്കുപുരളാതെയെടുത്തുകളയുമ്പോൾ
രമിച്ചു സമാധിസ്ഥനാകിയശമീകനും
സമചക്ഷുർഭ്യാം മിഴിച്ചുടനെ നോക്കുന്നേരം
നമസ്കാരവും ചെയ്തു തൊഴുതുനിവർന്നു സം-
ഭ്രമിച്ചാത്മജനെക്കണ്ടെന്തിതെന്നനുക്ഷണം
ചോദിച്ചപിതാവിനോടുണ്ടായവൃത്താന്തങ്ങൾ
ഖേദിച്ചങ്ങുണർത്തിച്ചവാണികൾകേൾക്കായപ്പോൾ
താപസപ്രവരനും പുത്രനോടുരചെയ്താൻ-
“നീ പരമാർഥഗ്രാഹിയല്ലെന്നു വന്നിതിപ്പോൾ;
കേവലം സപ്തവ്യസനങ്ങളാലോരോവിധം
ഭൂവരന്മാർക്കു പരിഭ്രമങ്ങളുണ്ടായിവരും;
സാധുക്കളവയെല്ലാമറിഞ്ഞു പൊറുക്കുന്നു:
ക്രോധിച്ചുശപിക്കെന്നതാചാരമല്ലീവണ്ണം,
ഭഗവദ് ഭക്തനായ നൃപനെശ്ശപിക്കയാൽ
ഭഗവദ്പ്രസാദവും നമുക്കില്ലെന്നല്ലല്ലീ
വരുന്ന പുനരതുകൂടാതെ സന്തോഷിപ്പാൻ
പരനായ്ക്കൊണ്ടു നമസ്കാരമെപ്പൊഴും നാഥ!”
വിരഞ്ഞീവണ്ണംപറഞ്ഞിരുന്ന മഹാമുനി
തിരഞ്ഞു ഗൗരമുഖനാകിയശിഷ്യോത്തമം
വിളിച്ചു രഹസ്യമായരുളിച്ചെയ്തീടിനാൻ:-
“ഇളച്ചീടരുതു ഞാൻ പറയുന്നതുകേൾ നീ,
തെരിക്കെന്നിപ്പോൾത്തന്നെ കുരുക്ഷേത്രത്തെപ്രാപി-
ച്ചിരിക്കും നൃപനോടീയവസ്ഥയെല്ലാം ഭവാൻ

പരക്കെയറിയാതെചൊല്ലണം നരവരൻ
ധരിക്കുംവണ്ണമെന്നങ്ങയച്ചോരളവവൻ
സുരശ്രേഷ്ഠാഗാരം തോറ്റിരിക്കും പരം പുക്ക
നരശ്രേഷ്ഠനെക്കണ്ടുണ്ടായവസ്ഥകളെല്ലാം
ധരിപ്പിച്ചളവവൻ തന്നെത്താൻ സമ്മാനിച്ച-
ങ്ങിരുത്തി നമസ്കരിച്ചുരുപ്രീത്യർത്ഥം ചൊന്നാൻ-
"മുന്നമേമരിച്ചിരിപ്പോരുഞ്ഞാൻ ജനന്നാഥൻ-
തന്നനുഗ്രഹത്തിനാൽ ജീവിച്ചേനിത്രനാളും:
ഇന്നിനിമതിയതെന്നെന്നുടെ പരമാത്മാ-
തന്നുടെനിയോഗത്തിലെന്തുസങ്കടം മുനേ!
നന്നന്ന മരണമുണ്ടിന്നനാളിനി നിന-
ക്കെന്നതമ്മഹാത്മാവിനെന്നോടിങ്ങറിയിപ്പാൻ
തന്നുടെയുള്ളിലുദിച്ചതുമീശ്വരാധീനം നമു-
ക്കെന്നിരിക്കിലുമതിന്നൊന്നുചെയ്യണം ഭവാൻ.
ചെന്നുടൻമുനിവരന്മാരോടു പരലോക-
ത്തിന്നടിയനുമേലിൽ നല്ലതുവരുംവണ്ണം
ഖിന്നതയൊഴിഞ്ഞനുഗ്രഹിപ്പാനുണർത്തിക്കെ-"
ന്നന്യൂനാദരം മുനിശിഷ്യനെപ്പറഞ്ഞുടൻ
വന്ദനപൂർവ്വം ക്ഷമാനമസ്കാരാഭ്യർച്ചനാ-
ന ന്ദസാധനങ്ങൾ കൊണ്ടനന്യൂനാദരഭക്ത്യാ
തന്നെയും പരനെയുമൊന്നായ്ക്കണ്ടവനീശൻ
പിന്നെയും നമസ്കരിച്ചഞ്ജലിഹസ്തത്തോടെ
വന്ദനപൂർവ്വം പരിചോടച്ചനന്തരം
മന്ദമെന്നിയേ മനഃകർണ്ണികാഗ്രന്തർഭാഗേ
തന്നുള്ളിൽ സകലാത്മാതന്നെയും ധ്യാനിച്ചുകൊ-
ണ്ടുന്നതഭക്ത്യാരാജ്യൈശ്വര്യാദി സമസ്തവും
പുത്രങ്കൽ സമർപ്പിച്ചങ്ങേഷണത്രയങ്ങളും
നിത്യരാഗാദികളും ത്യക്ത്വാപി സവിദ്രുതം
വിഗ്രഹംമാത്രം പരിഗ്രഹിച്ചു സംഗങ്ങൾത-
ന്നൾക്കാമ്പിലൊന്നിങ്കലുംകൂടാതെ നിരന്തരം
തക്ഷകൻ വന്നു ദംശിച്ചീടാനായ്‌വാനാകുംവണ്ണം
രക്ഷകൾസിദ്ധൗഷധമന്ത്രയന്ത്രാദ്യങ്ങളാൽ
തൽക്ഷണേ ചെയ്യിപ്പിച്ചു ജാംഗലികാഢ്യന്മാരാം

ഇക്ഷിതിസുതന്മാരോടൊത്തുടൻ പിരിയാതെ
തൽക്ഷണേ മൃത്യുഞ്ജയജപങ്ങൾ കർമ്മങ്ങളും
അത്യരം ഹോമങ്ങളും കൃത്വാദക്ഷിണകളും
വിപ്രസദ്യാദികളുമോരോരോവിധം ക്രമാൽ
ഉല്പന്നാനന്ദചിത്തനായ് തുടങ്ങിനാൻ മേന്മേൽ.
തക്ഷന്മാർതമ്മെ വിളിപ്പിച്ചുകൊണ്ടനുക്ഷണം
വൃക്ഷങ്ങൾവെട്ടിക്കുറപ്പിച്ചതിലഘുതരം
ഗംഗയിലേകസ്തംഭാഗ്രത്തിങ്കൾ ദുരാരോഹ-
മംഗലപ്രാസാദവും തീർപ്പിച്ചു സമാപ്തിയാം
ധർമകർമാദികളും ചെയ്യിച്ചു ദാനങ്ങളും
നിർമ്മലംചെയ്തു സുദ്ധ്യാസർവാശീർവാദത്തൊടും
ചെന്നതിൻ മുകൾ മദ്ധ്യേപുക്ക ദർഭകൾവിരി-
ച്ചുന്നതനനശനംദീക്ഷിച്ചങ്ങു ദീചിയെ
നോക്കിവാണരുളിനാന്മോക്ഷകാമ്യാർഥമെന്നു
കേൾക്കയാലവനീദേവന്മാരും മുനീന്ദ്രരും
ശീഘ്രമങ്ങുടൻ വന്നു പാർഥിവൻ തന്നെക്കണ്ടു
വാട്ടമുൾത്താപം പൂണ്ടു സംഭാവിച്ചതു നേരം
ഗോത്രജിത്സുതാത്മജനന്ദനനവർകളെ
നേത്രഗോചരന്മാരായുത്ഥായ നമസ്കൃത്വാ
പാദ്യാർഘ്യാസനാദ്യങ്ങൾകൊണ്ടു പൂജിച്ചുവന്ദി-
ച്ചാസ്ഥയാസൽക്കാരം ചെയ്തിരുത്തിയിരുന്നുടൻ
കാർത്തികേയോപമാനന്മെല്ലവേ ചൊല്ലീടിനാൻ:-
“ആർത്തനായ് ചമഞ്ഞുഞാനിങ്ങനെബലാലിപ്പോൾ
നായാടിശ്രമിച്ചങ്ങുപോരുമ്പോളെന്തെന്നില്ലാ-
തായസംഭ്രമംകൊണ്ടു ഭൂദേവകോപത്താലേ
ശാപവുമെനിക്കേറ്റിതേഴാംനാൾമരണം പോ-
ലാപൽകാരണമതുമീശ്വരമതമല്ലോ.
ഖേദമില്ലെനിക്കിതിനേതുമേ യൂയം മമ
മോദമാർന്നനുഗ്രഹിച്ചീടുകിൽ വഴിപോലെ
കേവലമല്ലെങ്കിലിന്നില്ലാരും ഗതിയേതും
ആവോളം കാരുണ്യമുണ്ടാകണമെല്ലാവർക്കും.”
ഭൂമിപനേവം നമസ്കാരേണചൊല്ലീടുമ്പോൾ
മാമുനിമാരും ദ്വിജന്മാരുമെല്ലാരും തമ്മിൽ

ചൊല്ലീനാരൊരുമിച്ചുചിന്തിച്ചുനിരന്തരം:–
“സ്വർല്ലോകാധിപൻ മുതലായവേല്ലാവരും
കല്യമോദേന ബഹുമാനിപോരും നൃപ–
നല്ലൽ വന്നകപ്പെട്ടതെല്ലാമീശ്വരമതം.
താനറിയാതെചെറിയോരപരാധംചെയ്ത്
മാനവേന്ദ്രനെ കോധിച്ചിങ്ങനെ ശപിക്കയാൽ
ഭൂദേവോത്തമശാപംതടുക്കാവല്ലെങ്കിലും
മേദിനീപതിയോടുചേർന്നുനാം പിരിയാതെ
വാസംചെയ്യേണമേഴുവാസരംകഴിവോളം
വാസുദേവനെസ്സേവിച്ചെല്ലാരുംക്കൂടെത്തന്നെ.”
സാദരമേവം പ്രവചിച്ചവരൊരുമിച്ചു
മാധവരാതം സംഭാവിച്ചിരുന്നീടുംനേരം
പ്രീതനായവനീശൻ താപസകുലവര–
വ്രാതവന്ദനം ചെയ്തുപിന്നെയും ചൊല്ലീടിനാൻ–
“ഇക്കാണാകിയഭവാന്മാരിലേവ്വകൻ തെളി–
ഞ്ഞുൾക്കാമ്പിലുടൻ പ്രസാദിക്കിലിന്നിപ്പോൾത്തന്നെ
നിശ്ശേഷകാര്യങ്ങളും സിദ്ധങ്ങളെല്ലാവർക്കും
നിശ്ചയം കില്ലില്ലേതുഇങ്ങനെയുള്ളോരെല്ലാം
ചിത്തകാരുണ്യംകലർന്നെന്നിൽ വാത്സല്യംവളർ–
ന്നൊത്തഭിയുക്തന്മാരായിങ്ങനെവസിക്കയാൽ
മർത്ത്യജന്മത്തിൻഫലം സിദ്ധിച്ചേൻ ഭാഗ്യവശാ–
ലുത്തമശ്ലോകൻപദയുഗ്മമാശ്രയം വിഭോ!
നിങ്ങളിങ്ങെനിക്കിനിമൃത്യുകാലത്തിങ്കൽ ഞാൻ
എങ്ങനെവേണ്ടൂ പുനരെന്നരുൾ ചെയ്തീടണം
മംഗലകരമായ കൈവല്യം വരുത്തുവാൻ
ഇങ്ങെളുതായുള്ളതെന്തി”ങ്ങനെ ചോദിച്ചപ്പോൾ
തങ്ങളിൽ വിചാരിച്ചുപിന്നെയും മുനീന്ദ്രന്മാർ
ഇങ്ങനെ സാർവഭൗമനാകിയനൃപവരൻ
ഭഗവദ് ഭക്തിതന്നിൽ മുഴുകിച്ചമഞ്ഞൊരു
ഭഗവദ്ഭക്തൻ തനിക്കുടനേ പരഗതി
വരുവാനെളുതായെന്തുള്ളതെന്നവരവ–
രരിയവേദാന്തശാസ്ത്രാദികൾ പലതിലും
നല്ലതേതെന്ന ചൊല്ലിക്കൊടുപ്പാനരുതാഞ്ഞു

വല്ലാതെവലഞ്ഞവരെല്ലാരുമിരിക്കുമ്പോൾ
ചൊല്ലെഴും പൗരാണികാചാര്യനന്ദനനായ
കല്യാണാലയൻ കരുണാംബുധി തപോനിധി
തുല്യചേതസാ സർവലോകാനുഗ്രഗാർഥമായ്
അല്ലലെന്നിയേപെരുമാറിന ദിഗംബരൻ
ഗർഭസ്ഥനായന്നേതാൻ മുക്തനായുളവായ
മുഗ്ദ്ധമോഹനരമണീയസുന്ദരരൂപൻ,
പുത്രനെവിളിച്ചളവച്ഛനുചരാചരെ-
രൊത്തൊരുമിച്ചുചേർന്നൊന്നായ് വിളികേൾക്കുന്നവൻ
സ്വസ്ഥനായ് നരേന്ദ്രവൃത്താന്തങ്ങളറിഞ്ഞുടൻ
ഉത്തമശ്ലോകൻ നിയോഗത്തിനാലതുകാലം
ശ്രീശുകമഹാമുനിതാനതിമന്ദം മന്ദം
ആശ്ശു ശുക്ഷണിദേവനാശകൾമിന്നും വണ്ണം
ഭൂപതിതന്നെക്കാണ്മാനായവതാരം ചെയ്താൻ.
താപസന്മാരും കണ്ടുവിസ്മയിച്ചനുക്ഷണം
പ്രത്യുത്ഥാനാദ്യാചാരപൂജാവന്ദനങ്ങളും
കൃത്വാ തത്സഭാരംഗേ നൽകിനാർ മാന്യസ്ഥാനം.
പൃഥ്വീശൻ താനും കണ്ടുവന്ദിച്ചു സസംഭ്രമ-
മുത്ഥായനമസ്കരിച്ചഞ്ജലീബന്ധത്തൊടും
ഭക്ത്യൈവപാദ്യാർഘ്യാദികൊണ്ടുപൂജിച്ചങ്ങൊരു
ഭദ്രപീഠത്തിലാമ്മാറിരുത്തി യഥോചിതം;
സത്വരം നരവരേന്ദ്രോത്തമനായ ഭവാൻ
ഉത്തമാസനേവസിക്കെന്നഥ മുനീന്ദ്രനും
സ്വച്ഛമായരുൾചെയ്തുമറ്റുള്ളമുനീന്ദ്രഭ്ര-
നിർജ്ജരാദികളെയു"മച്യുതാത്മനാതന്നെ
വിശ്വാനാഥനെ പ്രാർത്ഥിച്ചിരിപ്പിൻ മുന്നേപ്പോലെ
വിശ്വാസഭക്ത്യാമുഹു" രെന്നരുൾചെയ്തനേരം
സൽക്കാരം പരിഗ്രഹിച്ചുൾക്കാമ്പുതെളിഞ്ഞുടൻ
ഒക്കെയെല്ലാരുമിരുന്നീടിനോരനന്തരം
മുഗ്ദ്ധഹാസവും പൂണ്ടു മറ്റുള്ള മുനീന്ദ്രന്മാർ
വിഷ്ണുരാതനെസ്സംഭാവിച്ചരുൾചെയ്തീടിനാർ:-
"ഞങ്ങളോടിവിടെച്ചോദിച്ചചോദ്യത്തെപ്പുന-
രങ്ങിരുന്നലസാതെ ശ്രീശുകൻ തന്നോടിപ്പോൾ

നന്ദതയൊഴിഞ്ഞു ചോദിച്ചുകൊണ്ടാലും സർവ-
സന്ദേഹമൊഴിഞ്ഞു കേൾക്കായ്‌വരുമെല്ലാവർക്കും
സർവജ്ഞനായ മുനീന്ദ്രോത്തമനരുൾ ചെയ്താൻ
സർവ സമ്മതം വരുമില്ല സംശയമേതും.
ദിവ്യസംവാദം കലിയുഗത്തിലിനിമേലി-
ലവ്യാജം പരോപകാരത്തിനായുള്ളൊന്നല്ലോ.
കീർത്തിയും യുഗാന്തകാലത്തോളം നമുക്കെല്ലാം
പ്രാപ്തമായ്‌വരും സർവലോകേക്ഷുനിരന്തരം
ചോദ്യംചെയ്താലും ഭവാ" നെല്ലാമകംതെളി-
ഞ്ഞാസ്ഥയാമുഹുർമ്മുഹുരാജ്ഞാപിച്ചതുനേരം
പാർഥിവൻ താനും നമസ്കാരം ചെയ്താമനായവ്യാ-
സാത്മജപാദാന്തികേപാർത്തുപേർത്തെഴുന്നുടൻ
സ്വേച്ഛയാ വിനീതനായഞ്ജലീഹസ്തത്തോടെ
വാഗ്മിയാം നൃപൻ മധുരാക്ഷരവാചാ ചൊന്നാൻ:-
"നിന്തിരുവടി തുലോമന്ധനാമടിയനെ-
സ്സന്തതമനുഗ്രഹിച്ചീടിനായ്ക്കൊണ്ടാനിപ്പോൾ
ചിന്താചഞ്ചലമൊഴിഞ്ഞെഴുന്നള്ളിയമൂലം
അന്തരാ സഫലമായ്‌വന്നിതു മമജന്മം.
നിത്യമീവണ്ണംതന്നെ സജ്ജനസംസർഗത്തി-
നെത്തുകിലിതിന്മീതേമറ്റിഹലോകത്തിങ്കൽ
മർത്യന്മാർക്കൊരുപുണ്യവർദ്ധനമെന്തൊന്നുള്ള-
തത്യന്തമതിനനുഗ്രഹിക്കേണമേ വിഭോ!
സേവിച്ചോളവും പുണ്യക്ഷേത്രങ്ങൾ തീർഥങ്ങളും
ഭാവിച്ചീടുന്നു പവിത്രാകൃതിനിരന്തരം,
കേവലം ദർശനമാത്രത്താലേ സാധുക്കളെ
പാവനമായീടുന്നു പാതകീയകങ്ങളും
ആകയാലവമാനമിങ്ങെനിക്കകതാരിൽ
ഏകദാ ഭവിക്കരുതാരിലുമൊരിക്കലും
ഭൂദേവാദ്യഖിലസാധുക്കളിൽ വിശേഷിച്ച-
മാദരാലതിശയഭക്തിയുമുണ്ടാകണം,
നാനായോനികളിലിങ്ങുത്ഭവിക്കിലും മമ
മാനസേ ഹരിപദഭക്തിയുമുണ്ടാകണം,
പിന്നെയിങ്ങെനിക്കേറ്റശാപത്താലേഴാംദിനം-

തന്നെ ഞാൻ മരിക്കുമെന്നതും നൂനമല്ലോ;
എന്നലെന്തപ്പോൾ പരലോകപ്രാപ്തിക്കായൊന്നു
മുന്നേ ചെയ്യേണ്ടതെന്നും കേൾക്കേണ്ടതെന്താണെന്നും
വന്ദിച്ചു പൂജിക്കേണ്ടതാരെയെന്നതും മുഹു–
രെന്നുള്ളിൽ ധ്യാനിക്കേണ്ടതെങ്ങനെ ഞാനെന്നതും
നന്നായിങ്ങാനന്ദിച്ചനുഗ്രഹം വരും വണ്ണം
സന്ദേഹമൊഴിച്ചരുൾചെയ്യണം ദയാനിധേ!
നമസ്തേ മഹാത്മനേ! പരമാത്മനേ! നമോ
നമസ്തേ തവ ദാസശിഷ്യോഽഹം പ്രസീദ മേ.”
നമസ്കാരേണമുഹുഃസ്തുതിച്ചീവണ്ണം ഗുരു–
സമക്ഷം സുരേന്ദ്രനെപ്പോലെ ഭൂപതിവീരൻ
നമിച്ചുതൊഴുതുകൈയിണകൾകൂപ്പിത്തന്നെ
സുമത്യാശയാ വസിച്ചീടിനാൻ സുഖാസനേ,
ക്രമത്താലേവം പ്രതിപാദ്യാർഥം പുരാണസ്യ
നിമിത്തസംക്ഷേപാധികാരനിർദ്ദേശങ്ങളെ
സമസ്തം പ്രഥമംകൊണ്ടിവിടെച്ചൊല്ലീടിനേൻ
അമർത്ത്യേന്ദ്രനെപ്പോലെ വസിക്കും നൃപൻ മുമ്പിൽ.

ഇതി ശ്രീമഹാഭാഗവതം
പ്രഥമസ്കന്ധം സമാപ്തം.

പ്രസാധകർ

താളിളക്കം